George Cardinal Alencherry
Major Archbishop
Syro-Malabar Church

Prot. No.0316/2020 11 March 2020

# സന്ദേശം

**ഇറ്റലിയിലും ഇതര യൂറോപ്യൻ രാജ്യങ്ങളിലും പ്രവാസികളായി കഴിയുന്ന സഹോദരി സഹോദരന്മാരേ,**

കർത്താവിന്റെ സമാധാനം നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

കോവിഡ്-19 അഥവാ കൊറോണ വൈറസ് ലോകത്തിലെ പല രാജ്യങ്ങളിലും പടർന്നു കൊണ്ടിരിക്കുകയാണല്ലോ. ഈ മഹാവിപത്തിനെ നേരിടാൻ എല്ലാ രാജ്യങ്ങളിലെയും സർക്കാരുകൾ സത്വരനടപടികൾ എടുത്തുകൊണ്ടിരിക്കുകയുമാണ്. വലിയ ഭീതി ജനങ്ങളെ ഗ്രസിക്കുന്നുണ്ട്. പ്രവാസികളായി കഴിയുന്ന നിങ്ങൾ ഏറെ ഭയചകിതരാണ് എന്ന് മനസ്സിലാക്കുന്നു. നിങ്ങളുടെ വിചാരവികാരങ്ങളോട് പങ്കുചേരാൻ ഈ കത്ത് എഴുതുകയാണ്.

ആദ്യമായി എനിക്ക് പറയുവാനുള്ളത് നാം അധികം പരിഭ്രാന്തരാകരുത് എന്നാണ്. ''ഉത്ക്കണ്ഠ മൂലം ആയുസിന്റെ ദൈർഘ്യം ഒരു മുഴമെങ്കിലും കൂട്ടാൻ നിങ്ങളിലാർക്കെങ്കിലും സാധിക്കുമോ?'' (മത്താ.6:27) എന്ന് കർത്താവ് ചോദിക്കുന്നുണ്ടല്ലോ. നാം ദൈവത്തിൽ കൂടുതൽ അഭയം പ്രാപിക്കേണ്ട സന്ദർഭമാണിത്. ഇറ്റലിയിലെ പ്രവാസികളുടെ സാഹചര്യം കൂടുതൽ ക്ലേശകരമാണല്ലോ. ചൈന കഴിഞ്ഞാൽ ഈ രോഗം കൂടുതൽ പടർന്നത് ഇറ്റലിയിലാണല്ലോ. നാട്ടിലേയ്ക്ക് വരാനുള്ള തടസങ്ങളും മാധ്യമങ്ങളിലൂടെ മനസ്സിലാക്കുന്നു. സാധാരണ ജീവിതത്തിൽ വന്ന കഷ്ടതകൾ പലതാണെന്ന് മനസ്സിലാക്കുന്നു. ജോലിക്ക് പോകാൻ സാധിക്കാതെ വീടുകളിൽതന്നെ കഴിയേണ്ടിവരുന്ന അവസ്ഥ, നിങ്ങളുടെ മക്കളെ, പ്രത്യേകിച്ച് കുഞ്ഞുങ്ങളെ, സംരക്ഷിക്കുവാനുള്ള ബുദ്ധിമുട്ടുകൾ, യാത്രചെയ്യാൻ സാധിക്കാത്ത സാഹചര്യം, സാമ്പത്തിക പ്രയാസങ്ങൾ, ബന്ധുക്കളുടെയോ ഇഷ്ടപ്പെട്ടവരുടെയോ വിവാഹം, മൃതദേഹസംസ്കാരം മുതലായ ചടങ്ങുകളിൽ സംബന്ധിക്കാൻ പറ്റാത്ത അവസ്ഥ ഇങ്ങനെ ക്ലേശങ്ങൾ അനവധിയാണല്ലോ. ഭാരതസഭ നിങ്ങളെ നെഞ്ചോടു ചേർത്തുവച്ച് പ്രാർത്ഥിക്കുന്നുണ്ട്. സർവ്വശക്തനായ ദൈവം നിങ്ങളെ സംരക്ഷിക്കുമെന്നതിൽ സംശയം വേണ്ട. ഇന്ത്യയിലെ ജനങ്ങളും ഈ രോഗത്തിന്റെ ഭീഷണിയിലാണ് കഴിയുന്നത്. പ്രാർത്ഥനയിൽ നമുക്ക് പരസ്പരം ശക്തിപ്പെടുത്താം.

ഈ സന്ദർഭത്തിൽ, നിങ്ങളുടെ രാജ്യങ്ങളിലെ സർക്കാരുകൾ നൽകുന്ന എല്ലാ നിർദ്ദേശങ്ങളോടും നിങ്ങൾ പൂർണ്ണമായും സഹകരിക്കണം. പരി. ഫ്രാൻസിസ് പാപ്പായും മാർ സ്റ്റീഫൻ ചിറപ്പണത്ത് പിതാവും നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കണമെന്ന് പറയേണ്ടതില്ലല്ലോ. പരിഭ്രാന്തരാകുന്നതിനു പകരം സ്വയം നിയന്ത്രിച്ചും പരസ്പരം ശക്തിപ്പെടുത്തിയും പ്രാർത്ഥനയുടെ കൂട്ടായ്മയിൽ ഈ അപകടസാഹചര്യത്തെ നേരിടാൻ നമുക്ക് പരിശ്രമിക്കാം. നിങ്ങളോടൊപ്പമുള്ള ഇതര മതവിശ്വാസികളെയും നമ്മുടെ പ്രാർത്ഥനകളിൽ ദൈവത്തിന്റെ സംരക്ഷണത്തിന് സമർപ്പിക്കാം. സങ്കീർത്തകന്റെ മനോഭാവം നമുക്ക് സ്വന്തമാക്കാം. ''ദൈവമാണ് നമ്മുടെ അഭയവും ശക്തിയും; കഷ്ടതകളിൽ അവിടുന്ന് സുനിശ്ചിതമായ തുണയാണ്'' (സങ്കീ. 46:1).

കാരുണ്യവാനായ കർത്താവ് നിങ്ങളെയെല്ലാവരെയും അനുഗ്രഹിച്ച് സംരക്ഷിക്കുമാറാകട്ടെ.

സ്നേഹപൂർവ്വം,

+GAlencherry

കർദിനാൾ മാർ ജോർജ് ആലഞ്ചേരി
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്
പ്രസിഡണ്ട്, കെ.സി.ബി.സി

MAR GEORGE ALENCHERRY MAJOR ARCHBISHOP OF THE SYRO-MALABAR CHURCH